**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3796** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ ഏതെല്ലാം സർക്കാർ വകുപ്പുകളിലാണ് പൂർണ്ണമായും ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചു കൊണ്ട് പൗരന്മാർക്ക് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ എത്തിയ്ക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ഇ-സേവനം പോർട്ടൽ. നിലവിൽ 81 വകുപ്പുകളിലായി 937 ഓൺലൈൻ സേവനങ്ങൾ പോർട്ടലിൽ ലഭ്യമാണ്.<br>റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രധാന സർട്ടിഫിക്കറ്റ് (ഇ-ഡിസ്ട്രിക്ട്) സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ (കെ-സ്മാർട്ട്, ഐ.എൽ.ജി.എം.എസ്) ആയി നൽകിവരുന്നു. ഇതിനു പുറമെ, ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കാരങ്ങളുടെ ഭാഗമായി സംരംഭകർക്കായി എല്ലാ സേവനങ്ങളും കെ-സ്വിഫ്റ്റ് മുഖേന ഓൺലൈൻ ആയി ലഭ്യമാക്കി വരുന്നു.<br><br>ഒന്നിലധികം വെബ് സൈറ്റുകൾ സന്ദർശിക്കാതെ ഒറ്റത്തവണ രജിസ്റ്റർ ചെയ്ത് കൊണ്ട് സർക്കാരിൻറെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി 'ഡിജിറ്റൽ കേരള ആർക്കിടെക്ചർ' പദ്ധതിയുടെ കീഴിൽ യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (USDP) വികസിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി മിഷന് തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | ഇ-പോർട്ടൽ മുഖേന എത്ര വകുപ്പുകളുടെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചു കൊണ്ട് പൗരന്മാർക്ക് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ എത്തിയ്ക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ഇ-സേവനം പോർട്ടൽ. നിലവിൽ 81 വകുപ്പുകളിലായി 937 ഓൺലൈൻ സേവനങ്ങൾ പോർട്ടലിൽ ലഭ്യമാണ്.<br>റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രധാന സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | (ഇ-ഡിസ്ട്രിക്ട്) സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ (കെ-സ്മാർട്ട്, ഐ.എൽ.ജി.എം.എസ്) ആയി നൽകിവരുന്നു. ഇതിനു പുറമെ, ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കാരങ്ങളുടെ ഭാഗമായി സംരംഭകർക്കായി എല്ലാ സേവനങ്ങളും കെ-സ്വിഫ്റ്റ് മുഖേന ഓൺലൈൻ ആയി ലഭ്യമാക്കി വരുന്നു.<br>ഒന്നിലധികം വെബ് സൈറ്റുകൾ സന്ദർശിക്കാതെ ഒറ്റത്തവണ രജിസ്റ്റർ ചെയ്തു കൊണ്ട് സർക്കാരിൻ്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി 'ഡിജിറ്റൽ കേരള ആർക്കിടെക്ചർ' പദ്ധതിയുടെ കീഴിൽ യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (USDP) വികസിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി മിഷന് തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ